Thanal

# പ്രളയാനന്തര മാലിന്യ ശേഖരണവും സംസ്കരണവും -മാർഗരേഖ

സമാനതകളില്ലാത്ത പേമാരിയെത്തുടർന്നുള്ള പ്രളയക്കെടുതിയിലൂടെയാണ് കേരളം കടന്നു പോകുന്നത്. പ്രളയമവശേഷിപ്പിച്ച പോകുന്ന നാശനഷ്ടങ്ങളിൽ നിന്നും നമുക്ക് കരകയറേണ്ടതുണ്ട്. വീടുകളുടെയും ആസ്തികളുടെയും പുനർനിർമാണവും ആലംബമറ്റവരുടെ പുനരധിവാസവും ആരോഗ്യ പരിരക്ഷയുമൊക്കെ വളരെ പ്രധാനപ്പെട്ടതാണ്.

പ്രളയാനന്തരം അടിഞ്ഞു കൂടുന്ന മാലിന്യങ്ങൾ പൊതുജനാരോഗ്യത്തിന് വളരെയധികം ഭീഷണിയുയർത്തുന്നു. പ്രളയമൊട്ടുങ്ങി വെയിൽ പരക്കുമ്പോഴേക്കും ഈ ചവറു കൂനകൾ സാംക്രമിക രോഗങ്ങളുടെ കേന്ദ്രങ്ങളാകാനിടയുണ്ട്. അത് അത്യന്തം ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട വിഷയമാണ്. വൻതോതിൽ സന്നദ്ധപ്രവർത്തനം കൂടി ഏകോപിപ്പിച്ചു കൊണ്ട് സമയബന്ധിതമായി യുദ്ധകാലാടിസ്ഥാനത്തിൽ പ്രളയ മാലിന്യങ്ങളെ സുരക്ഷിതമായി കൈകാര്യം ചെയ്യേണ്ടതുണ്ട്. അതിനായുള്ള ഒരു ചെറു കുറിപ്പാണിത്.

1. **എന്തൊക്കെയാണ് പ്രളയമാലിന്യങ്ങൾ?**
   ജന്തുജാലങ്ങളുടെ ശവശരീരങ്ങൾ, പ്ലാസ്റ്റിക്കുകളടക്കമുള്ള നഗരമാലിന്യങ്ങൾ, കൃഷിയിടങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന വിളകളുടെ അവശിഷ്ടങ്ങൾ, മരക്കൊമ്പുകൾ, മരങ്ങൾ, തുണികൾ, കടലാസുകൾ, കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ, ലോഹങ്ങൾ, മരയുരുപ്പടികളുടെ അവശിഷ്ടങ്ങൾ, ചില്ലുകൾ, ആശുപത്രി മാലിന്യങ്ങൾ, വ്യവസായ മാലിന്യങ്ങൾ തുടങ്ങിയവ.

2. **ഇവയെ എന്തിനാണ് തരം തിരിക്കുന്നത്?**
   മാലിന്യങ്ങൾ കൂടിക്കിടക്കുന്നത് അപകടസാധ്യത വർദ്ധിപ്പിക്കും. കൂടാതെ മുൻഗണന കൂടുതൽ വേണ്ട മാലിന്യങ്ങളെ പ്രത്യേകം കൈകാര്യം ചെയ്യുന്നതിന് മാലിന്യങ്ങളെ വേർതിരിച്ചേ മതിയാകൂ. കൂടാതെ കുറഞ്ഞ സമയം കൊണ്ട് കൂടുതൽ മാലിന്യങ്ങളെ നീക്കം ചെയ്യുന്നതിന് തരംതിരിക്കൽ സഹായിക്കും.

3. **ഏതുതരം മാലിന്യങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്?**
   ജന്തുജാലങ്ങളുടെ ശവശരീരങ്ങൾ, ചീഞ്ഞു തുടങ്ങിയ കാർഷിക വിളകൾ, അടിഞ്ഞുകൂടിയ ചെളി, ആശുപത്രി മാലിന്യങ്ങൾ, വ്യാവസായിക മാലിന്യങ്ങൾ എന്നിവയ്ക്കാണ് ആദ്യ പരിഗണന നൽകേണ്ടത്

4. **എങ്ങനെയാണ് കിണറുകളും മറ്റും ശുചീകരിക്കുക?**
   കിണറിൻറെയും വീടിൻറെയും പരിസരത്തു അടിഞ്ഞു കൂടിയിരിക്കുന്ന ചവറുകളും ചെളിയും നീക്കം ചെയ്യുക. അതിനുശേഷം ഇരുപത് ലിറ്റർ വെള്ളത്തിൽ 300 ഗ്രാം ബ്ലീച്ചിംഗ് പൌഡർ കലക്കി തെളിയാൻ വെക്കുക. തെളിഞ്ഞ വെള്ളം ഒരു ബക്കറ്റിലേക്ക് മാറ്റിവെക്കുക. ബ്ലീച്ചിംഗ് സൊല്യൂഷൻ റെഡി. സാധാരണ താഴ്ന്ന ഭാഗങ്ങളിലെ കിണറുകളുടെ പടിയുടെ വ്യാസം രണ്ടര അടി മുതൽ മൂന്നടി വരെ ആയിരിക്കും. ആഴം ഒരടിയുമായിരിക്കും. അങ്ങനെയെങ്കിൽ അവയുടെ ഉള്ളളവ് ഏകദേശം 130 ലിറ്റർ മുതൽ 190 ലിറ്റർ വരെ ആണെന്ന് അനുമാനിക്കാം. കിണറിൽ വെള്ളമുള്ള ഓരോ പടിക്കും ഒന്നര ലിറ്റർ മുതൽ രണ്ടു ലിറ്റർ വരെ ബ്ലീച്ചിംഗ് സൊല്യൂഷൻ കിണറ്റിൽ വെള്ളം കോരുന്ന തൊട്ടിയിലേക്ക് പകരുക. (ഓരോ നൂറു ലിറ്റർ വെള്ളത്തിനും ഒരു ലിറ്റർ സൊല്യൂഷൻ എന്ന അനുപാതത്തിൽ) സാവധാനം തൊട്ടിയും ബ്ലീച്ചിംഗ് സൊല്യൂഷനുമായി കിണറ്റിലേക്ക് ഇറക്കി അടിത്തട്ടു വരെ കൊണ്ടു പോവുക. എന്നിട്ട് കിണറിലെ വെള്ളം ആകെ ഇളകുന്ന രീതിയിൽ ശക്തിയായി തൊട്ടി ജലനിരപ്പിന് മുകളറ്റം വരെ ഉയർത്തുക. പിന്നീട് വീണ്ടും അടിത്തട്ടു വരെ താഴ്ത്തുക. ഇങ്ങനെ നാലഞ്ചു തവണ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുക. ഇപ്പോൾ ബ്ലീച്ചിംഗ് സൊല്യൂഷൻ കിണർവെള്ളത്തിൽ ലയിച്ചു കഴിഞ്ഞു. അടുത്ത ഒരു മണിക്കൂറിലേക്ക് കിണറ്റിൽ നിന്നും വെള്ളം എടുക്കരുത്. വെള്ളത്തിന് ക്ലോറിൻറെ ചുവയുണ്ടെങ്കിൽ ഒരു വലിയ കലത്തിലോ മറ്റേതെങ്കിലും പാത്രത്തിലോ മുക്കാൽ ഭാഗം നിറച്ച് ഒരു രാത്രി മുഴുവൻ അടച്ചു സൂക്ഷിച്ച് അടുത്ത ദിവസം മുതൽ പാചകത്തിനും കുടിക്കാനും ഉപയോഗിക്കാം. ക്ലോറിൻറെ അമിത ചുവയുണ്ടാകില്ല. കുടിക്കാൻ തിളപ്പിച്ചാറിയ വെള്ളം മാത്രം ഉപയോഗിക്കുക.

   വീടിൻറെ തറയും ചുമരും ഉരച്ചു കഴുകിയ ശേഷം അണുവിമുക്തമാക്കുന്നതിന് പത്ത് ലിറ്റർ വെള്ളത്തിൽ 300 ഗ്രാം ബ്ലീച്ചിംഗ് പൊഡർ കലക്കി തെളിയിച്ചെടുക്കുന്ന ബ്ലീച്ചിംഗ് സൊല്യൂഷൻ ഉപയോഗിക്കാം. ഇങ്ങനെയെടുക്കുന്ന സൊല്യൂഷൻ ഒരു സ്പ്രേയറുപയോഗിച്ച് തളിച്ച ശേഷം അരമണിക്കൂർ കഴിഞ്ഞ് മാത്രമേ

വെള്ളം ഉപയോഗിച്ച് കഴുകുകയോ തുടയ്ക്കുകയോ ചെയ്യാവൂ. അരമണിക്കൂർ കഴിഞ്ഞ് 25 മില്ലി പുൽത്തൈലം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഒരു സ്പ്രേ കാനുപയോഗിച്ച് വീടിനകത്തും പുറത്തും തളിച്ചാൽ ദുർഗന്ധം അകലുകയും ഈച്ചയുടെയും കൊതുകിൻറെയും ശല്യത്തിന് ശമനമുണ്ടാകുകയും ചെയ്യും.
കിണർ വറ്റിക്കാനുള്ള സൌകര്യമുണ്ടെങ്കിൽ കിണറിൻറെ ഉൾഭിത്തി ഉരച്ച് കഴുകിയിറക്കിയശേഷം കിണർ വറ്റിച്ച് ചെളി കോരിക്കളയുകയും വേണം. അതിനു ശേഷം കിണറിൻറെ ഉൾഭിത്തിയിലും പുറത്തെ കൈവരിയിലും കിണറിനു ചുറ്റുമുള്ള തറയിലും പത്ത് ലിറ്റർ വെള്ളത്തിൽ 300 ഗ്രാം ബ്ലീച്ചിംഗ് പൊഡർ കലക്കി തെളിയിച്ചെടുക്കുന്ന ബ്ലീച്ചിംഗ് സൊല്യൂഷൻ സ്പ്രേ ചെയ്യുന്നത് നല്ലതാണ്. പ്രളയത്തിൽ മുങ്ങിപ്പോയ അടുക്കളയിലെ പാത്രങ്ങളും കിച്ചൻ സിങ്കും സ്ലാബും മേശപ്പുറവുമെല്ലാം ഇതേ സൊല്യൂഷൻ ഉപയോഗിച്ച് അണുവിമുക്തമാക്കാവുന്നതാണ്. നിറമിളകാൻ സാധ്യതയുള്ള പ്രതലങ്ങളിൽ ബ്ലീച്ച് ഉപയോഗിക്കരുത്.

ബ്ലീച്ചിംഗ് പൌഡർ തറയിലും മറ്റും വാരി വിതറുന്നത് കൊണ്ട് പ്രത്യേകിച്ച് പ്രയോജനമൊന്നുമില്ല എന്നറിയുക. ബ്ലീച്ചിംഗ് പൌഡർ പാക്കറ്റ് പൊട്ടിച്ചാൽ അന്നു തന്നെ ഉപയോഗിക്കുക. അല്ലാത്ത പക്ഷം അതിലെ ക്ലോറിൻ അന്തരീക്ഷത്തിലേക്ക് നഷ്ടപ്പെടുകയും ബ്ലീച്ചിംഗ് ക്ഷമത കുറയുകയും ചെയ്യും.

**5. എങ്ങനെയാണ് പരിസര ശുചീകരണം നടത്തേണ്ടത്?**

ഓരോ വീട്ടുകാരും സ്ഥാപനങ്ങളും അവരുടെ വീട്ടിലും സ്ഥാപനത്തിലും പരിസരത്തുമുള്ള മാലിന്യങ്ങളെ ചുവടെ കൊടുത്തിരിക്കുന്ന രീതിയിൽ തരംതിരിച്ച് ലഭ്യമാക്കുന്നത് സന്നദ്ധ പ്രവർത്തകരുടെ ജോലി എളുപ്പമാക്കും.

1. പ്ലാസ്റ്റിക്കുകൾ, തെർമോകോൾ, തുടങ്ങിയവ
2. തുണികൾ, തടി, മരക്കൊമ്പുകളുടെ അവശിഷ്ടങ്ങൾ, മരഉരുപ്പടികളുടെ ഭാഗങ്ങൾ തുടങ്ങിയവ
3. ലോഹങ്ങൾ, ചില്ലുകൾ, കുപ്പികൾ
4. കേടുവന്ന ഇലക്ട്രിക് – ഇലക്ട്രോണിക് ഉപകരണങ്ങൾ
5. കെട്ടിട നിർമാണ മാലിന്യങ്ങൾ
6. ജൈവ മാലിന്യങ്ങൾ, കേടുവന്ന ഭക്ഷ്യവസ്തുക്കൾ, കാർഷിക മാലിന്യങ്ങൾ, ചെളി തുടങ്ങിയവ
7. വേർതിരിക്കാനാവാത്ത വിധത്തിലുള്ള മറ്റു മിശ്രിത മാലിന്യങ്ങൾ.

ഇതിൽ ജൈവ മാലിന്യങ്ങൾ, കേടുവന്ന, കാർഷിക മാലിന്യങ്ങൾ, ചെളിമാലിന്യങ്ങൾ, മറ്റു മിശ്രിത മാലിന്യങ്ങൾ, എന്നിവ സ്ഥലമുണ്ടെങ്കിൽ വീട്ടു വളപ്പിൽത്തന്നെ കമ്പോസ്റ്റ് ചെയ്യാവുന്നതാണ്. അതു പോലെ തന്നെ ജന്തുജാലങ്ങളുടെ ശവശരീരങ്ങളും അവശിഷ്ടങ്ങളും കഴിയുമെങ്കിൽ വീട്ടു വളപ്പിൽത്തന്നെ കുഴിച്ചു മൂടുക. വീടുകളിൽ അതിനുള്ള സൌകര്യമില്ലാത്ത പക്ഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ആരോഗ്യവിഭാഗവുമായി ഉടനടി ബന്ധപ്പെട്ട് ഇവ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മറ്റ് അജൈവ മാലിന്യങ്ങളെ വലിയ ചാക്കുകളിലോ മറ്റോ ശേഖരിച്ച് താൽക്കാലികമായി സൂക്ഷിക്കുകയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളേർപ്പെടുത്തിയിട്ടുള്ള സേവനദാതാക്കൾ മുഖാന്തിരമോ സന്നദ്ധപ്രവർത്തകർ മുഖാന്തിരമോ കൈയ്യൊഴിയുകയോ ചെയ്യുക.

**6. ക്ലീൻ അപ് എങ്ങനെ സംഘടിപ്പിക്കാം**

ക്ലീൻ അപ് സംഘടിപ്പിക്കുന്ന സന്നദ്ധ സംഘടനകളും തദ്ദേശ സർക്കാരുകളും ഏറ്റവുമധികം പരിഗണന കൊടുക്കേണ്ടത് പ്രളയശേഷമുള്ള ജൈവ മാലിന്യങ്ങളുടെ ശേഖരണത്തിനും സംസ്കരണത്തിനുമാണ്. മാലിന്യങ്ങളെ അവയുടെ സ്വഭാവമനുസരിച്ച് വേർതിരിച്ച് ശേഖരിക്കുന്നത് ജോലി എളുപ്പമാക്കും. ഉദാഹരണത്തിന് ആരോഗ്യ വിഭാഗം ജീവനക്കാരുടെ മേൽ നോട്ടത്തിൽ ഒരു ചെറിയ ടീം ജന്തു ജാലങ്ങളുടെ ശവശരീരങ്ങളും ശരീരാവശിഷ്ടങ്ങളും മാത്രം ശേഖരിച്ച് കൈകാര്യം ചെയ്യുകയും മറ്റൊരു ടീം കക്കൂസ് മാലിന്യങ്ങളുടെ ശേഖരണവും സംസ്കരണവും നടത്തട്ടെ. സെപ്റ്റേജ് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ടാങ്കറുകളുടെ സഹായവും തേടാവുന്നതാണ്. ഒരു ടീം വീട്ടുകളുടെയും കിണറുകളുടെയും ടാങ്കുകളുടെയും വൃത്തിയാക്കലിന് വേണ്ട സഹായം ലഭ്യമാക്കട്ടെ. ഹൈ പ്രഷർ വാഷർ പമ്പുകളും ആവശ്യത്തിന് തൊഴിലാളികളും ഈ ടീമിനെ സഹായിക്കാനായി കൂട്ടുക. മറ്റ് അജൈവ മാലിന്യങ്ങളുടെ ശേഖരണത്തിനും ട്രാൻസ്പോർട്ടേഷനും വേണ്ടി ഒരു ടീമിനെ ഏർപ്പാട് ചെയ്യുക. ഇങ്ങനെ ടീമുകളായി തിരിഞ്ഞ് പ്രവർത്തിക്കുന്നതായിരിക്കും ഉത്തമം. ശേഖരിക്കുന്ന മാലിന്യങ്ങളുടെ സ്വഭാവമനുസരിച്ച് റീസൈക്ളിംഗിനോ റീയൂസിനോ ലാൻറ് ഫില്ലിനോ മാലിന്യങ്ങളെ എത്തിക്കാൻ ഇത് സഹായിക്കും

എൻ. എസ്. എസ്, എൻ.സി.സി, എസ്.പി.സി അംഗങ്ങൾ, വിദ്യാർത്ഥികൾ, തൊഴിലുറപ്പ് സേനാംഗങ്ങൾ, നാട്ടിലെ രാഷ്ട്രീയ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് ക്ലീൻ-അപ് സംഘടിപ്പിക്കാം. നേതൃത്വത്തിനും മാർഗനിർദ്ദേശങ്ങൾക്കും കേരള ശുചിത്വമിഷൻ, ഹരിതകേരളമിഷൻ, ആരോഗ്യ വകുപ്പ് എന്നിവരെ ആശ്രയിക്കാവുന്നതാണ്. സന്നദ്ധപ്രവർത്തകർ തികയാതെ വരുന്ന പക്ഷം ദേശീയതലത്തിൽ വിദ്യാർത്ഥികളെ സംഘടിപ്പിക്കാവുന്നതാണ്. എൻ. എസ്. എസ്, എൻ. സി. സി തുടങ്ങിയ സംഘടനകൾക്ക് ഇതിനു സഹായിക്കാനാവും. വേണ്ടി വന്നാൽ സി.ആർ.പി.എഫ്, സി. ഐ. എസ്. എഫ്. തുടങ്ങിയ സേനാ വിഭാഗങ്ങളോടും സഹായം അഭ്യർത്ഥിക്കാവുന്നതാണ്.

6.1 പ്രഥമ പരിഗണന ജന്തുജാലങ്ങളുടെ ശവശരീരങ്ങൾ, ശരീരാവശിഷ്ടങ്ങൾ എന്നിവയ്ക്കാണ്. പ്രദേശത്ത് ഇത്തരം മാലിന്യങ്ങൾ എവിടെയൊക്കെയുണ്ടെന്ന് കണ്ടെത്തി പരമാവധി ഉറവിടത്തിൽത്തന്നെ അവയെ കുഴിയെടുത്ത് മറവു ചെയ്യേണ്ടതാണ്. സൌകര്യമില്ലാത്ത സാഹചര്യത്തിൽ അവയെ ശേഖരിച്ച് അനുയോജ്യമായ ഒരു സ്ഥലത്ത് അവയെ മറവു ചെയ്യേണ്ടതാണ്.

ജന്തുജാലങ്ങളുടെ ശവശരീരങ്ങളും അവശിഷ്ടങ്ങളും ആഴത്തിൽ കുഴിയെടുത്ത് മൂടണം. കുഴിക്ക് കുറഞ്ഞത് മൂന്നടി ആഴം ഉണ്ടായിരിക്കണം. കുഴി മൂടുന്ന കൂനയ്ക്ക് കുറഞ്ഞത് ഒരടി ഉയരവും ഉണ്ടായിരിക്കണം. കൂനയ്ക്ക് പുറത്ത് ബ്ലീച്ചിംഗ് സൊല്യൂഷൻ തളിക്കണം. ഭൂഗർഭ ജലനിരപ്പ് ഉയർന്ന സ്ഥലമാണെങ്കിൽ അവിടെ കുഴിച്ചിടരുത്. അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തി കുഴിച്ചിടുക.

6.2 രണ്ടാമതായി കക്കൂസ് മാലിന്യങ്ങളും അടിഞ്ഞുകൂടിയ ചെളി മാലിന്യങ്ങളെയും കൈകാര്യം ചെയ്യേണ്ടതുണ്ട്. അവയെയും കുഴിയെടുത്ത് മൂടുകയാണ് വേണ്ടത്. ജന്തുജാലങ്ങളുടെ ശവശരീരങ്ങൾ കുഴിച്ചിടുന്ന അതേ രീതി തന്നെ ഇതിനും അവലംബിക്കാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനാവശ്യമായ തൊഴിലാളികളെ നിയോഗിക്കുകയും ആവശ്യമുള്ളവർക്ക് അവരുടെ സേവനം സൌജന്യമായി ലഭ്യമാക്കുകയുമാണ് അഭികാമ്യം. ആരോഗ്യ വിഭാഗം ജീവനക്കാരുടെ മേൽനോട്ടം ഈ പ്രക്രിയക്ക് ഉറപ്പാക്കുകയും വേണം.

6.3 മൂന്നാമതായി ചീഞ്ഞു തുടങ്ങിയ കാർഷിക മാലിന്യങ്ങൾ, ജൈവമാലിന്യങ്ങൾ, കേടായ ഭക്ഷ്യ സാധനങ്ങൾ, ജൈവമാലിന്യങ്ങൾ കലർന്ന മിശ്രിത മാലിന്യങ്ങൾ എന്നിവ ഉറവിടത്തിലോ ഉറവിടത്തിനടുത്തോ കമ്പോസ്റ്റ് ചെയ്യാവുന്നതാണ്. അല്ലാത്ത പക്ഷം പഞ്ചായത്തിൻറെയോ നഗരസഭയുടെയോ കമ്പോസ്റ്റിംഗ് സംവിധാനത്തിലേക്കെത്തിച്ച് കമ്പോസ്റ്റ് ആക്കി മാറ്റാം.

കമ്പോസ്റ്റിങ്ങിന് പ്രധാനമായും രണ്ടു രീതികളവലംബിക്കാം.

a. ട്രെഞ്ചിംഗ് രീതി– മൂന്നടി ആഴവും നാലടി വീതിയും ആവശ്യത്തിന് നീളവുമുള്ള ഒരു കുഴിയെടുക്കുക. ഏറ്റവും അടിയിൽ കാർഷിക മാലിന്യങ്ങൾ അരയടി കനത്തിൽ നിറയ്ക്കുക. ചാണകവെള്ളമോ ഇനോക്കുലമോ തളിക്കുക. അതിനു മുകളിൽ ചെളി മാലിന്യങ്ങളും മറ്റു ജൈവമാലിന്യങ്ങളും അരയടി കനത്തിൽ നിറയ്ക്കുക, ചാണകവെള്ളമോ ഇനോക്കുലമോ (കമ്പോസ്റ്റിങ്ങിനു സഹായിക്കുന്ന സൂക്ഷ്മ ജീവികളുടെ മിശ്രിതം) തളിക്കുക. അതിനു മുകളിൽ കാർഷിക മാലിന്യങ്ങൾ വീണ്ടും അരയടി കനത്തിൽ നിറയ്ക്കുക. ഇങ്ങനെ തറ നിരപ്പിൽ നിന്നും രണ്ടടി ഉയരം എത്തുന്നതു വരെ ഇത് ആവർത്തിക്കുക. അതിനു ശേഷം ഏറ്റവും മുകളിൽ ചാണകവെള്ളമോ ഇനോക്കുലമോ തളിച്ച ശേഷം വൈക്കോലോ, പുല്ലോ കൊണ്ട് മൂടുകയും അതിനു മുകളിൽ മേൽ മണ്ണുകൊണ്ട് മൂടിയിടുകയും ചെയ്യുക. ഒന്നര മാസം കഴിയുമ്പോൾ കൂന ക്രമേണ ഇടിഞ്ഞ് താഴും. അപ്പോൾ അവിടെ വാഴ, ചേന, ചേമ്പ് ഇവ നട്ടു പിടിപ്പിക്കുക.

b. എയ്റോബിക് രീതി – ആവശ്യത്തിന് സ്ഥലമുള്ള പക്ഷം ചീഞ്ഞുതുടങ്ങിയ കാർഷിക മാലിന്യങ്ങൾ, മരക്കൊമ്പുകൾ എന്നിവ ചെറു കഷണങ്ങളായി കൊത്തിയരിഞ്ഞ് രണ്ടു മീറ്റർ വീതിയിലും ആവശ്യത്തിന് നീളത്തിലും അരയടി കനത്തിൽ പരത്തിയിടുക. അതിനു മുകളിൽ ചാണകവെള്ളമോ ഇനോക്കുലമോ തളിക്കുക. അതിനു മുകളിൽ മറ്റു ജൈവമാലിന്യങ്ങൾ, ചെളി മാലിന്യങ്ങൾ എന്നിവ അരയടി കനത്തിൽ പരത്തിയിടുക. അതിനു മുകളിൽ ചാണകവെള്ളമോ ഇനോക്കുലമോ തളിച്ച

Thanal

കൊട്ടുക്കുക. കുറച്ച് കരിയിലകളോ വൈക്കോലോ ഇതിനു മേലെ വിരിക്കുക. ഈ രീതി ആവർത്തിച്ച് ഏകദേശം ഒന്നര-രണ്ടു മീറ്റർ പൊക്കം ആകുമ്പോഴേക്കും മുകളിൽ വെക്കോലോ പുല്ലോ നിരത്തി വെള്ളം തളിച്ച് ഇട്ടേക്കുക. മൂന്നു മാസം കഴിയുമ്പോഴേക്കും കമ്പോസ്റ്റ് എടുക്കാവുന്നതാണ്.

6.4 നാലാമതായി ആശുപത്രി മാലിന്യങ്ങൾ പ്രത്യേകം ശ്രദ്ധയോടെ വേർതിരിച്ച് ശേഖരിച്ച് സർക്കാർ അംഗീകൃത ഏജൻസിക്ക് കൈമാറേണ്ടതാണ്.

6.5 അഞ്ചാമതായി പ്ലാസ്റ്റിക്കുകൾ, തെർമോക്കോളുകൾ, തുണികൾ, ലോഹങ്ങൾ, ലോഹാവശിഷ്ടങ്ങൾ, ചില്ലുകൾ, കണ്ണാടിക്കുപ്പികൾ, ഇലക്ട്രിക്-ഇലക്ട്രോണിക് മാലിന്യങ്ങൾ, കെട്ടിടനിർമാണ മാലിന്യങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങളെ തരം തിരിച്ച് ശേഖരിച്ച് റീസൈക്ലിംഗിനോ ഫില്ലിംഗിനോ ലഭ്യമാക്കാവുന്നതാണ്. ഏറ്റവുമടുത്തുള്ള നഗരസഭകളിലെ മെറ്റീരിയൽ റിക്കവറി ഫസിലിറ്റികളുടെയോ റിസോഴ്സ് റിക്കവറി സെൻററുകളുടെയോ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം.

6.6 ആറാമതായി മരങ്ങൾ, മരക്കൊമ്പുകൾ, മരഉരുപ്പടികൾ, തുടങ്ങിയവ ശേഖരിച്ച് ഒരു കേന്ദ്രത്തിൽ സംഭരിക്കുകയും ആവശ്യക്കാർക്ക് സൌജന്യമായോ അല്ലാതെയോ നൽകുകയും ചെയ്യുക.

6.7 വലിയ അളവിൽ മരക്കൊമ്പുകളും പ്ലാസ്റ്റിക്കുകളും തുണിയും മറ്റു ചപ്പുചവറുകളുമൊക്കെ വേർതിരിക്കാൻ കഴിയാത്ത വിധം കൂടിക്കുഴഞ്ഞ് പലേയിടങ്ങളിലും - പാലങ്ങളിൽ, പാലങ്ങളുടെ അരികുകളിൽ, പുഴത്തീരങ്ങളിൽ, പറമ്പുകളിൽ... - അടിഞ്ഞു കൂടും അവയിൽ ചീഞ്ഞുതുടങ്ങുന്ന മാലിന്യങ്ങളുടെ തോത് അനുസരിച്ച് ആവശ്യത്തിന് ഇനോക്കുലം തളിച്ച ശേഷം കുഴിയെടുത്ത് മറവു ചെയ്യുക മാത്രമേ നിവൃത്തിയുള്ളൂ.

**7. എവിടെയാണ് മാലിന്യങ്ങളെ സംഭരിക്കേണ്ടത്?**

ശേഖരിക്കുന്ന മാലിന്യങ്ങളെ താൽക്കാലികാടിസ്ഥാനത്തിൽ ഏറ്റവും അടുത്ത് ലോറി അല്ലെങ്കിൽ മിനി ലോറി ഗതാഗതം സാധ്യമായ റോഡിനു സമീപം ചെറിയ ചെറിയ കൂനകളായി കഴിയുമെങ്കിൽ മൂടി സംഭരിക്കുക. ഒരോ വാർഡിലും അഞ്ചോ ആറോ ഇടങ്ങളിലായി വേർതിരിച്ച അജൈവമാലിന്യങ്ങളെയും മരക്കൊമ്പുകളും തടിയുരുപ്പടികളുടെ അവശിഷ്ടങ്ങളും പോലുള്ളവയെയും സൂക്ഷിക്കുക. വലിയ ചാക്കുകളിൽ കെട്ടി വെക്കുകയോ, വെറുതെ അടുക്കി വെക്കുകയോ, കമ്പുകളും കയറുകളും കൊണ്ട് വട്ടത്തിൽ വേലിയുണ്ടാക്കി അതിനുള്ളിലോ സൂക്ഷിക്കാം. ഏറ്റവുമടുത്തുള്ള നഗരസഭകളിലെ മെറ്റീരിയൽ റിക്കവറി ഫസിലിറ്റികളെയോ റിസോഴ്സ് റിക്കവറി സെൻററുകളെയോ സംഭരണകേന്ദ്രങ്ങളായി പ്രയോജനപ്പെടുത്തുകയും അവിടെ നിന്നും അവയെ ഏത്രയും വേഗത്തിൽ റീസൈക്ലിംഗിന് എത്തിക്കുകയും വേണം.

**8. എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കണം?**

ശുചീകരണ പ്രവർത്തനങ്ങൾക്കിറങ്ങുന്നവർ ഉറപ്പായും കൈയ്യുറകളും കണങ്കാൽ വരെയെങ്കിലും മൂടുന്ന തരത്തിലുള്ള പാദരക്ഷകളും മാസ്കും തൊപ്പിയും ധരിക്കണം. ഒരു ഫസ്റ്റ് - എയ്ഡ് കിറ്റ് കൂടെ കരുതണം. ശരിയായതും സുരക്ഷിതവുമായ ഡിസിൻഫെക്ടൻറുകളും കരുതണം. ചാക്കിലോ മറ്റോ കെട്ടുകളായി വരുന്ന മാലിന്യങ്ങളെ കൈകാര്യം ശ്രദ്ധിക്കുമ്പോൾ ശ്രദ്ധിക്കണം. ഇഴജന്തുക്കളോ പാമ്പുകളോ ഉണ്ടാകാനിടയുണ്ട്.
വീടുകൾ വൃത്തിയാക്കുന്ന സമയത്ത് വീടുകളുടെ ചുമരുകൾക്കും മറ്റും ബലമുണ്ടെന്ന് ഉറപ്പു വരുത്തണം. കരുതുന്നതും നന്നായിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെയും കേരള ശുചിത്വ മിഷൻറെയും ഹരിതകേരള മിഷൻറെയും ആരോഗ്യവിഭാഗത്തിൻറെ പിന്തുണ ഉറപ്പുവരുത്തണം.

ശുചീകരണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പ്രദേശം മുഴുവൻ ഒന്നു നടന്നു കണ്ട്, വിലയിരുത്തി ആവശ്യത്തിന് സന്നദ്ധപ്രവർത്തകരെ സംഘടിപ്പിക്കണം. ആവശ്യം വേണ്ട ഉപകരണങ്ങളും വാഹനങ്ങളും ബ്ലീച്ചിംഗ് പൌഡർ അടക്കമുള്ള സാധനങ്ങളും കരുതണം.

Thanal

***ശുചീകരണ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന സന്നദ്ധപ്രവർത്തകരും തൊഴിലാളികളും ഒരു കാരണവശാലും വ്യാവസായിക മാലിന്യങ്ങളെ കൈകാര്യം ചെയ്യാൻ മുതിരരുത്. പ്രത്യേക വൈദഗ്ധ്യം ഉള്ളവർക്കു മാത്രമേ അതിനു കഴിയൂ എന്നറിയുക. കൂടിക്കിടക്കുന്ന വ്യാവസായിക മാലിന്യങ്ങളെ വെള്ളം ചീറ്റിച്ച് ഒഴുക്കി വിടാൻ ശ്രമിക്കരുത്. ഉടനടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വിവരം അറിയിക്കുകയും സംസ്ഥാന ദുരന്തനിവാരണ വിഭാഗത്തിൻറെ സേവനം ലഭ്യമാക്കുകയും വേണം.***

**9. എന്തൊക്കെ കരുതണം?**

ആവശ്യത്തിന് മൺവെട്ടികൾ, വെട്ടുകത്തികൾ, ചെറിയ കത്തികൾ, ഗ്രാബുകൾ, പ്ലാസ്റ്റിക് ചാക്കുകൾ, റബറോ, ഫൈബറോ കൊണ്ടുള്ള ചോരാത്ത കുട്ടകൾ, വീൽ ബാരോകൾ, ഹൈ പ്രഷർ വാഷർ പമ്പുകൾ, സ്പ്രെയറുകൾ, വലിയ ബ്രഷുകൾ, ചൂൽ, കത്രികകൾ, തീപ്പെട്ടി തുടങ്ങിയവ.


കൂടുതൽ വിവരങ്ങൾക്ക്
**തണൽ**
ഒ.ഡി. 3 ജവഹർനഗർ, കവടിയാർ, തിരുവനന്തപുരം
climate@thanal.co.in   www.thanal.co.in